പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 18/12/2014 -ൽ മറുപടിക്ക്

നമ്പർ: 4846

**ഭൂമിയുടെ ന്യായവില, രജിസ്ട്രേഷൻ ഫീസ് എന്നിവയുടെ വർദ്ധനവ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ<br>" ഇ. ചന്ദ്രശേഖരൻ<br>" വി. ശശി<br>" കെ. രാജു | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ഭൂമിയുടെ ന്യായ വിലയും രജിസ്ട്രേഷൻ ഫീസും വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തവണ വർദ്ധിപ്പിച്ചുവെന്നു വ്യക്തമാക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ഭൂമിയുടെ ന്യായവില 14/11/2014-ലെ ജി.ഒ.(പി)നം. 188/2014/ റ്റിഡി. നമ്പർ ഉത്തരവ് മുഖേന 50% വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ 8/10/2014-ലെ ജി.ഒ.(പി)നം. 172/2014/റ്റിഡി. നമ്പർ വിജ്ഞാപനത്തിലൂടെ കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ദാനം, ഒഴിമുറി, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് 1% എന്നതിന് വിധേയമായി പരമാവധി 25000/- രൂപ എന്നതിൽ പരമാവധി 25000/- രൂപ എന്നത് ഒഴിവാക്കി വിലയുടെ 1% ആയി ഭേദഗതി വരുത്തി. |
| ബി) ഓരോ ഇനത്തിലും നിലവിലുണ്ടായിരുന്ന നിരക്കും വർദ്ധിപ്പിച്ച നിരക്കും തമ്മിൽ താരതമ്യം ചെയ്തിട്ടുണ്ടോ; | ബി) നിലവിലുണ്ടായിരുന്ന നിരക്കും വർദ്ധിപ്പിച്ച നിരക്കും തമ്മിൽ താരതമ്യം ചെയ്തിട്ടുണ്ട്. |
| സി) പ്രസ്തുത വർദ്ധനവിലൂടെ ഇതുവരെ എത്ര അധിക വരുമാനമുണ്ടാക്കിയെന്ന് വെളിപ്പെടുത്തുമോ ? | സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമിയുടെ ന്യായവിലയും രജിസ്ട്രേഷൻ ഫീസും വർദ്ധിപ്പിച്ചതിൽ ഓരോ ഇനത്തിലുമുള്ള അധികവരുമാനം സംബന്ധിച്ച് പ്രത്യേകം കണക്കുകൾ സൂക്ഷിച്ചിട്ടില്ല. കൂടാതെ ന്യായവില വർദ്ധിപ്പിച്ചത് 2014 നവംബർ 17-ാം തീയതി മുതലായതിനാൽ ഒരു പൂർണ്ണമായ കലണ്ടർ മാസം പൂർത്തിയായിട്ടില്ലാത്തതിനാൽ മുൻവർഷങ്ങളിലെയോ, മുൻമാസങ്ങളിലെയോ വരുമാനം സംബന്ധിച്ച് താരതമ്യം ചെയ്ത് വരുമാനവർദ്ധന കണക്കാക്കാൻ കഴിയുന്നില്ല. |

സെക്ഷൻ ഓഫീസർ.